# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8379 25/07/2012-ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ? | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യ പടിയായി ടി സംഘങ്ങളിൽ വിശദമായ ഒരു പഠനം നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ (ഐ.സി.എം) 2011-12 ൽ ചുമതലപ്പെടുത്തിയിരുന്നു. ഐ.സി.എം, ടി വിഷയത്തിൽ സമഗ്രമായ പഠനം നടത്തി പഠന റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിരിക്കുകയാണ്. ഈ വിഷയത്തിലുള്ള പ്രവർത്തനം ഏകോപി പ്പിക്കുന്നതിന് രൂപീകൃതമായ 3 അംഗ സമിതി ടി റിപ്പോർട്ട് പരിശോധിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ